(സി) കൂടുതൽ സഹായത്തിന് അപേക്ഷ ലഭിച്ചിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) മഹാകവി പി. മെമ്മോറിയൽ ആർട്സ് ആന്റ് കൾച്ചറൽ സെന്റർ, കൊല്ലങ്കോട്, പാലക്കാട്, മഹാകവി പി. സ്മാരക സമിതി, കാഞ്ഞങ്ങാട്, കാസർഗോഡ് എന്നീ സ്മാരകങ്ങൾക്ക് ഈ സർക്കാർ സാമ്പത്തിക സഹായങ്ങൾ നൽകിയിട്ടുണ്ട്.

(ബി) പാലക്കാട്ടെ പി സ്മാരകത്തിന് 1996-97 സാമ്പത്തിക വർഷം 30,000/- രൂപയും 1997-98 ൽ 15,000/- രൂപയും 1998-99ൽ 15,000/- രൂപയും നൽകിയിട്ടുണ്ട്. കാസർഗോട്ടെ പി. സ്മാരകത്തിന് 1997-98 ൽ 2,50,000/- രൂപയും 1998-99 ൽ 2,00,000/- രൂപയും നൽകിയിട്ടുണ്ട്.

(സി) കൂടുതൽ സഹായത്തിനായി അപേക്ഷ ലഭിച്ചിട്ടില്ല. എന്നാൽ പാലക്കാട്ടെ പി. സ്മാരകകേന്ദ്രം നൽകിയ ഗ്രാന്റിനായുള്ള അപേക്ഷ പരിശോധിച്ചുവരുന്നു.

37 (2728) അവശകലാകാരൻമാർക്ക് ധനസഹായം

ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ അവശകലാകാരന്മാർക്ക് ഈ വർഷം എന്തെങ്കിലും ധനസഹായം അനുവദിച്ചിട്ടുണ്ടോ;

(ബി) എത്ര പേർക്കാണ് സഹായം അനുവദിച്ചിട്ടുള്ളത് എന്ന് ജില്ല തിരിച്ച് വിശദമാക്കുമോ;

(സി) തിരുവനന്തപുരം ജില്ലയിൽനിന്നും അർഹരായവരുടെ പല അപേക്ഷകളും നിരസിക്കപ്പെട്ടിരിക്കുന്നുവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഈ പദ്ധതിപ്രകാരം അർഹതയുള്ള അപേക്ഷകരെ കണ്ടെത്തുവാനും ധനസഹായം അനുവദിക്കാനുമുള്ള നടപടികൾ ജില്ലാ പഞ്ചായത്തുകൾക്ക് കൈമാറുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 1276 പേർക്ക് മേയ് 99 വരെയുള്ള പെൻഷൻ നൽകിയിട്ടുണ്ട്.

തിരുവനന്തപുരം	-	161
കൊല്ലം	-	136
ആലപ്പുഴ	-	287
പത്തനംതിട്ട	-	52
ഇടുക്കി	-	10
കോട്ടയം	-	151

LIBRARY ARCHIVES Kerala Legislative Assembly

എറണാകുളം	-	129
തൃശ്ശൂർ	-	89
പാലക്കാട്	-	75
മലപ്പുറം	-	23
കോഴിക്കോട്	-	44
വയനാട്	-	2
കണ്ണൂർ	-	84
കാസർഗോഡ്	-	33

(സി) ഇല്ല.

(ഡി) പരിഗണനയിലില്ല.

38 (2729) സർക്കസ് കലാകാരന്മാർക്ക് പ്രോൽസാഹനം

ശ്രീ. വി.ജെ. പൗലോസ് :

ശ്രീമതി റോസമ്മ ചാക്കോ :

ശ്രീ. എ.കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് സർക്കസിനെ ഒരു കലയായി അംഗീകരിച്ചിട്ടുണ്ടോ;

(ബി) സർക്കസിന്റെയും സർക്കസ് കലാകാരന്മാരുടെയും പ്രോൽസാഹനാർത്ഥം ഈ ഗവൺമെന്റ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) സർക്കസിന്റെ വികസനത്തിനും പ്രോൽസാഹനത്തിനുംവേണ്ടി ഒരു അക്കാഡമി ആരംഭിക്കുവാൻ ഉദ്ദേശമുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഏതെങ്കിലും സർക്കസ് കമ്പനിയിൽചേർന്ന് 15 വർഷം സേവനമനുഷ്ഠിച്ചവരും ഇപ്പോൾ ശാരീരികമായും മാനസികമായും അവശത അനുഭവിക്കുന്നവരുമായ 45 വയസ്സിൽ കൂടുതൽ പ്രായമുള്ള പുരുഷന്മാർക്കും 35 വയസ്സിൽ കൂടുതൽ പ്രായമുള്ള സ്ത്രീകൾക്കും പ്രതിമാസം 500 രൂപ നിരക്കിൽ പെൻഷൻ നൽകി വരുന്നു.

(സി) ഇപ്പോൾ ഇങ്ങനെയൊരു നിർദ്ദേശം പരിഗണനയിലില്ല.

39 (2730) തിരുവനന്തപുരം മൃഗശാല

ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly